**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**

**കീം 2022**

**എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2022**
**വിവിധ സംവരണാനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും വീണ്ടും അവസരം**

2022–23 വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും എന്നാൽ അർഹമായ സംവരണം/മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ള അപേക്ഷകർക്ക് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിന് അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അവസാനമായി ഒരു അവസരം കൂടി നൽകുന്നു. (20.08.2022 ലെ സർക്കാർ ഉത്തരവ് നം.(സാധാ) 1260/2022/HEDN പ്രകാരം). ഈ അവസരം ഉപയോഗപ്പെടുത്തുന്നതിനായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM – 2022 Candidate Portal'** –ൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് പ്രൊഫൈൽ പേജ് പരിശോധിക്കേണ്ടതാണ്. പ്രൊഫൈൽ പേജിൽ അർഹമായ സംവരണവിഭാഗം/ആനുകൂല്യം കാണിച്ചിട്ടില്ലെങ്കിൽ അത്തരം അപേക്ഷകർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ **Candidate Portal** വഴി അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇതിനായി പ്രൊഫൈൽ പേജിൽ ലഭ്യമായിട്ടുള്ള **'Memo Details'** ക്ലിക്ക് ചെയ്ത് അവരവർക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ അതാത് ലിങ്ക് വഴി സമർപ്പിക്കാവുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് വഴി ഇതിനോടകം സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുകയും എന്നാൽ സർട്ടിഫിക്കറ്റിലെ അപാകതകൾ കാരണം സംവരണാവകാശവാദം പരിഗണിക്കാതിരിക്കുകയും ചെയ്തവർക്കും മുകളിൽ പറഞ്ഞ പ്രകാരം പുതുതായി സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. **24.08.2022 മുതൽ 30.08.2022 വൈകുന്നേരം 5.00 മണിവരെ** സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാൻ വെബ് സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

അപേക്ഷയോടൊപ്പം സമർപ്പിച്ച നേറ്റിവിറ്റി, ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയിലെ അപാകതയും അപേക്ഷാഫീസിലെ കുറവും മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ പരിഹരിക്കാവുന്നതാണ്.

NRI ക്വാട്ട സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളുടെയും സർട്ടിഫിക്കറ്റുകളുടെയും സൂക്ഷ്മപരിശോധന പൂർത്തിയാക്കി വിശദാംശങ്ങൾ അപേക്ഷകരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. സാധുവായതും അപാകതയില്ലാത്തതുമായ

സർട്ടിഫിക്കറ്റുകൾ മേൽപ്പറഞ്ഞ തീയതിക്കുള്ളിൽ അപ്‌ലോഡ് ചെയ്ത് NRI സർട്ടിഫിക്കറ്റുകളിൽ/രേഖകളിൽ അപാകതയുണ്ടെങ്കിൽ ആയത് പരിഹരിക്കാവുന്നതാണ്.

**<u>കുറിപ്പ്:</u>**

1. പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം 'കേരളീയർ' (Keralite) ആയവർക്ക് മാത്രമാണ് വിവിധ സംവരണാനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.

2. മുകളിൽ പറഞ്ഞ പ്രകാരം അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ മാത്രമെ പുതുതായി സംവരണം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളു.

3. പുതിയതായി NRI ക്വാട്ട സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതിന് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ മുകളിൽ പറഞ്ഞ പ്രകാരം അപ്‌ലോഡ് ചെയ്യാവുന്നതാണ്.

4. നേറ്റിവിറ്റി സർട്ടിഫിക്കറ്റുകളിലെ അപാകതകൾ മൂലമോ കേരളീയനാണെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കാതിരുന്നതുമൂലമോ സംവരണം നിരസിക്കപ്പെട്ടവർ ഈ അവസരത്തിൽ സംവരണാനുകൂല്യത്തിനായി ആവശ്യമായ രേഖകൾ/ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനോടൊപ്പം കേരളിയനാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൂടി പുതിയതായി അപ്‌ലോഡ് ചെയ്യേണ്ടതാണ് (ഒറ്റ പി.ഡി.എഫ്.ഫയൽ).

വിദ്യാർത്ഥികൾ സാധുവായതും അപാകത ഇല്ലാത്തതുമായ സർട്ടിഫിക്കറ്റുകളാണ് അപ്‌ലോഡ് ചെയ്യുതെന്ന് ഉറപ്പാക്കേണ്ടതാണ്. <u>ഏതെങ്കിലും കാരണവശാൽ ന്യൂനതകൾ ഉള്ള സർട്ടിഫിക്കറ്റുകളാണ് അപ്‌ലോഡ് ചെയ്യുന്നതെങ്കിൽ അത് പരിഹരിക്കുന്നതിനായി പിന്നീട് അവസരം നൽകുന്നതല്ല.</u>

ഫാക്സ്/ഇമെയിൽ മുഖാന്തിരമോ തപാൽ/നേരിട്ടോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.24 18:45:12 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**24/08/2022**